നം. എൻ.ഇ.പി-3/23612 4)21/ഡിജിഇ                    പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം-12 , തീയതി: 25/07/23

**സർക്കുലർ**

വിഷയം:- **പൊതുവിദ്യാഭ്യാസം – 'സമ്പൂർണ്ണ'യിൽ സ്കൂൾ കുട്ടികളുടെ യു.ഐ.ഡി. കൃത്യമാക്കുന്നതിനുള്ള സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01.06.2023 ലെ എസ്2(എ)/5525/2023/ഡി.ജി.ഇ നമ്പർ സർക്കുലർ

2. കൈറ്റ് സി.ഇ.ഒയുടെ 25.07.2023 ലെ KITE/2023/1421(22) നമ്പർ കത്ത്

സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലും 2023-24 അധ്യയന വർഷത്തെ ആറാം പ്രവൃത്തിദിനത്തിലെ കുട്ടികളുടെ വിവരങ്ങൾ 'സമ്പൂർണ്ണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിലൂടെ ശേഖരിക്കുന്നതിന് സൂചന പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിൽ യു.ഐ.ഡി. ഉള്ള കുട്ടികളെ മാത്രമേ തസ്തിക നിർണയത്തിന് പരിഗണിക്കൂ എന്നതിനാൽ ആറാം പ്രവൃത്തിദിനത്തിൽ റോളിലുള്ള എല്ലാ കുട്ടികൾക്കും യു.ഐ.ഡി. ലഭ്യമാക്കുന്നതിനും കുട്ടിയുടെ യു.ഐ.ഡി. ഇൻവാലിഡ് ആണെങ്കിൽ അത് കൃത്യമാക്കാനും പ്രഥമാധ്യാപകർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തസ്തിക നിർണയ പ്രവർത്തനങ്ങൾക്കായി കുട്ടികളുടെ യു.ഐ.ഡി. പരിശോധിക്കുമ്പോൾ ചില സ്കൂളുകളിലെ ഏതാനും കുട്ടികളുടെ യു.ഐ.ഡി. ഇപ്പോഴും ഇൻവാലിഡ് ആയി നിലനിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കുട്ടികളുടെ ഇൻവാലിഡ് യു.ഐ.ഡി. യുടെ കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് കൈറ്റ് സാങ്കേതിക സംവിധാനം ഒരുക്കേണ്ടതും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ അടിയന്തരമായി അതത് സ്കൂൾ പ്രഥമാധ്യാപകരുടെ ഉത്തരവാദിത്തത്തിൽ 31.07.2023 ന മുമ്പായി സമ്പൂർണയിൽ നടത്തേണ്ടതുമാണ്.

1. സ്കൂൾ പ്രഥമാധ്യാപകർ സമ്പൂർണയിലെ UID Analysis പരിശോധിച്ച് ഓരോ ക്ലാസിലെയും ഇൻ വാലിഡ് യു.ഐ.ഡി. ഉള്ള കുട്ടികളുടെ ആധാറിന്റെ വ്യക്തതയുള്ള ഫോട്ടോ (കുട്ടിയുടെ ചിത്രം, ആധാർ നമ്പർ, പേര്, ലിംഗം, ജനനതീയതി എന്നിവ ഉൾപ്പെട്ടത്) അപ്ലോഡ് ചെയ്യേണ്ടതാണ്.

2. ആധാറിന്റെ ഫോട്ടോ അപ്ലോഡ് ചെയ്യുന്നതോടൊപ്പം യു.ഐ.ഡി. ഇൻവാലിഡ് ആയതിന്റെ കാരണം ഉൾപ്പെടുത്തുന്നതിന് ലഭ്യമാക്കിയിട്ടുള്ള ഫീൽഡും അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

3. ഇതുവരെ ആധാർ എൻറോൾമെന്റ് നടത്താത്ത കുട്ടികൾക്ക് അക്ഷയ കേന്ദ്രങ്ങളുമായി ചേർന്ന് യു.ഐ.ഡി ലഭ്യമാക്കുന്നതിന് അതത് സ്കൂൾ അധികൃതർ ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

4. വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ അവരവരുടെ അധികാരപരിധിയിലെ സ്കൂളുകളിൽ മേൽപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)

കരുതൽ ശേഖരം